Circular No: SBV 01/2016-18

# സമസ്ത കേരള സുന്നി ബാലവേദി

(Under: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ)
സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം - 673636. ഫോൺ: 9287274809, 0494 2400530, 2400749

---

മാന്യരെ, السلام عليكم

സമസ്ത കേരള സുന്നി ബാലവേദി ബൃഹത്തായ ഒരു വിദ്യാർത്ഥി പ്രസ്ഥാനമാണ്. വിദ്യാർത്ഥികൾക്ക് നേരിന്റെ പ്രകാശം കാണിച്ചുകൊടുത്തുകൊണ്ട്, നന്മയിലധിഷ്ഠിതമായി വളരാൻ ഉപയുക്തമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് മുന്നേറുന്ന ബാലസംഘടന.

എസ്.കെ.എസ്.ബി.വി. റിപ്പബ്ലിക് ദിനത്തിൽ സംസ്ഥാന വ്യാപകമായി എല്ലാവർഷവുംജനുവരി 26-ന് നടത്തിവരുന്ന 'ബാലഇന്ത്യ' ഈ വർഷവും വളരെ വിപുലമായി 'സുരക്ഷിതം; ഇന്ത്യ ഈ കരങ്ങളിൽ' എന്ന പ്രമേയത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതുസംബന്ധമായ പ്രത്യേക നിർദ്ദേശങ്ങളും മേപ്പും ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

## ബാല ഇന്ത്യ - 2017

* 26-01-2017 കാലത്ത് 7.00 മണിക്കും 9.30 നുമുള്ളിൽ പരിപാടി സംഘടിപ്പിക്കുക.
* റെയ്ഞ്ച് തലത്തിൽ നടത്തുക.
* റാലി സംഘടിപ്പിക്കുക. (ഒരു സ്ഥലത്ത് നിന്ന് തുടങ്ങി പരിപാടി നടക്കുന്ന സ്ഥലത്ത് അവസാനിപ്പുക്കുക.)
* പ്രോഗ്രാം: 7.00ന് റാലി, 8.30ന് പതാക ഉയർത്തൽ.
* വിദ്യാർത്ഥികളുടെ (ആൺ) എണ്ണം കണക്കിലെടുത്ത് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി കാണാവുന്ന രൂപത്തിൽ ചുണ്ണാമ്പോ മറ്റോ ഉപയോഗിച്ച് ഇന്ത്യയുടെ മേപ്പ് വൃത്തിയിൽ വരക്കുക.
* മധ്യത്തിൽ ദേശീയ പതാക ഉയർത്താനായി ഒരു കൊടിമരം സ്ഥാപിക്കുക.
* നിശ്ചിത മേപ്പിനകത്ത് ആൺകുട്ടികളെ മാത്രം അണിനിരത്തുക.
* മേപ്പ് വരക്കുമ്പോൾ ആവശ്യമെങ്കിൽ പരിചയമുള്ളവരുടെ സഹായം തേടാവുന്നതാണ്.
* ആൺകുട്ടികളുടെ എണ്ണം കണക്കിലെടുത്തായിരിക്കണം മേപ്പിന്റെ വ്യാസം.
* തുടർന്ന് ദേശീയ പതാക ഉയർത്തുക.
* ദേശീയോദ്ഗ്രഥനഗാനം (സാരെ ജഹാൻസെ അച്ഛാ...)
* പതാക ഉയർത്തുമ്പോൾ പതാകയെ അനാദരിക്കുന്ന (ദേശീയ പതാകയോടൊപ്പം മറ്റു പതാകകൾ ഉയർത്തൽ, തല കീഴായി കെട്ടൽ തുടങ്ങി...) ഒന്നും ഇല്ലാതിരിക്കാൻ ശ്രദ്ധിക്കുക.
* ശേഷം അവിടെ വെച്ച് പ്രമേയ വിശദീകരണം നടത്തുക.
* തുടർന്ന് മധുരപലഹാരങ്ങൾ നൽകി പരിപാടി മൂന്ന് സ്വലാത്തോടെ അവസാനിപ്പിക്കുക.

## പ്രതിജ്ഞ

ഞാൻ ഒരു മുസ്‌ലിമാണ്. ഞാൻ ഒരു ഇന്ത്യക്കാരനാണ്. സ്വരാജ്യസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ് എന്ന് പഠിപ്പിച്ച മതത്തിന്റെ അനുയായി എന്ന നിലയിൽ, എന്റെ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും വേണ്ടി ഞാൻ പ്രയത്നിക്കും. എല്ലാ ഭാരതീയരെയും ഏകോദര സഹോദരരെപ്പോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. എന്റെ രാജ്യം പുരോഗതിയിലേക്ക് കുതിക്കുകയാണ്. തീർച്ചയായും ഞാൻ അതിൽ ഭാഗവാക്കാവും. വിശ്വാസാചാരങ്ങൾ നില നിൽത്തിക്കൊണ്ട്, മറ്റു മതസ്ഥരെ ബഹുമാനിച്ചുകൊണ്ട്. ഈ പരമാധികാര റിപ്പബ്ലിക്കിന്റെ സുദിനത്തിൽ ഭീകര, തീവ്രവാദ ക്കാരിൽ നിന്ന് എന്റെ രാജ്യത്തിന്റെ സുരക്ഷിതത്വത്തിന്ന് വേണ്ടി ഈ കരങ്ങളെ ഉയർത്തി ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

# സമസ്ത കേരള സുന്നി ബാലവേദി ബാല ഇന്ത്യ 2017



പരിപാടികൾ സമയബന്ധിതമായി നടത്തുവാൻ താൽപര്യപ്പെടുന്നു. അല്ലാഹു തൗഫീഖ് നൽകട്ടെ.

എന്ന്

സമസ്താലയം | ജന:സെക്രട്ടറി (ഒപ്പ്)

20-12-16 | SKSBV സംസ്ഥാന കമ്മിറ്റി

NB: ഈ സർക്കുലർ കോപ്പിയെടുത്ത് റെയ്ഞ്ചുകളിൽപെട്ട എല്ലാ മദ്റസാ യൂണിറ്റുകൾക്കും ഉടനെ എത്തിക്കേണ്ടതാണ്. www.sksbvstate.com എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.